# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## പോലീസ് മിനിസ്റ്റീരിയൽ ജീവനക്കാർക്ക് സമയബന്ധിത സ്ഥാനക്കയറ്റം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4410 — 21.03.2018-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |

| | | |
|---|---|---|
| എ) | പോലീസ് വിഭാഗത്തിലെ പ്രധാനപ്പെട്ട കാര്യാലയങ്ങളായ തിരുവനന്തപുരം സി.പി.ഒ, ആലപ്പുഴ ഡി.പി.ഒ. കണ്ണൂർ ഡി.പി.ഒ തുടങ്ങിയിടങ്ങളിൽ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തിക മാസങ്ങളായി ഒഴിഞ്ഞ് കിടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ; | തിരുവനന്തപുരം സി.പി.ഒ, ആലപ്പുഴ ഡി.പി.ഒ. കണ്ണൂർ ഡി.പി.ഒ തുടങ്ങിയിടങ്ങളിൽ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികകളിൽ 21.12.2017-ലെ സ.ഉ. (സാധാ)നം.3415/ 2017/ ആഭ്യന്തരം പ്രകാരം നിയമനം നടത്തിയിട്ടുള്ളതാണ്. |
| ബി) | പോലീസ് മിനിസ്റ്റീരിയൽ വിഭാഗത്തിൽ വിരമിക്കൽ നിമിത്തം മേൽ തട്ടിൽ വരുന്ന ഒഴിവുകളിൽ യഥാസമയം സ്ഥാനക്കയറ്റം നൽകി നികത്താതിരിക്കുന്നതിനാൽ താഴെ വിവിധ തസ്തികകളിൽ ഉള്ളവർക്ക് സ്ഥാനക്കയറ്റം വൈകുന്നത് മൂലം ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം സാഹചര്യം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്ക് എതിരെ നടപടികൾ സ്വീകരിക്കുമോ; | പോലീസ് മിനിസ്റ്റീരിയൽ വിഭാഗത്തിൽ വിരമിക്കൽ നിമിത്തം വരുന്ന ഒഴിവുകളിൽ യഥാസമയം സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നുണ്ട്. |
| സി) | മിനിസ്റ്റീരിയൽ വിഭാഗത്തിൽ മാസം തോറും വിരമിക്കൽ നിമിത്തം ഉണ്ടാകുന്ന ഒഴിവുകൾ ഉടൻ തന്നെ സ്ഥാനക്കയറ്റം നൽകി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; നിലവിൽ ഇങ്ങനെ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം നികത്താതിരിക്കുന്നതിനാൽ അനുബന്ധിച്ച് ഉണ്ടാകേണ്ട എൽ.ഡി.സി. ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയാത്ത സാഹചര്യം ഗൗരവമായി കാണുമോ; | പോലീസ് മിനിസ്റ്റീരിയൽ വിഭാഗത്തിൽ വരുന്ന ഒഴിവുകളിൽ യഥാസമയം സ്ഥാനക്കയറ്റം നൽകുകയും തുടർന്നുണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ സംസ്ഥാന പോലീസ് മേധാവി നടപടികൾ അനുവർത്തിച്ച് വരുന്നുണ്ട്. |

| | | |
|---|---|---|
| ഡി) | പുതുതായി നിയമനങ്ങൾ നടത്തേണ്ട യെന്ന നിർദ്ദേശം ഉള്ളത് കൊണ്ടാണോ ഇത്തരം സാഹചര്യങ്ങൾ വകുപ്പിൽ ഉണ്ടാകുന്നത് എന്ന് വ്യക്തമാക്കുമോ? | ഇത്തരം ഒരു നിർദ്ദേശവും നിലവിലില്ല. |

**സെക്ഷൻ ഓഫീസർ**